**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191** | **07-07-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോടു കൂടി സമയക്രമം പാലിച്ചു നടപ്പിലാക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം എസ് പി വി യ്ക്കും എസ് പി വി യെ നിയമിക്കുന്ന അതത് ഭരണ വകുപ്പുകൾക്കും ആണ്. ഇതിനു പുറമെ കിഫ് ആക്ടിലെ സെക്ഷൻ 17 A പ്രകാരം കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റിയ്ക്ക് പരിശോധനാ അധികാരം നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റിയുടെ ഭാഗമായി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗവും, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗവും പ്രവർത്തിക്കുന്നു. ഇത് പ്രകാരം ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുന്നു. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. ഭരണ വകുപ്പും എസ് പി വിയും കിഫബിയും തമ്മിലുള്ള ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് ഓരോ നിർമ്മാണ പ്രവർത്തികൾക്കും കിഫ്ബി ധനസഹായം നൽകുന്നത്. അതിന്റെ ഭാഗമായി തന്നെ ഗുണനിലവാര പരിശോധനകളുടെ അടിസ്ഥാനത്തിൽ കിഫ്ബി നൽകുന്ന നിർദേശങ്ങൾ പാലിക്കാൻ ഭരണവകുപ്പും എസ് പി വി യും ബാധ്യസ്ഥവുമാണ്. മൈക്രോസോഫ്റ്റ് പ്രോജക്റ്റ് ഷെഡ്യൂളിംഗ്, BIM /VDC ബേസ്ഡ് പ്രൊജക്റ്റ് മാനേജ്മന്റ് സിസ്റ്റം, ഡിസൈൻ റിവ്യൂ, പ്രൊജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് അപ്രൂവൽ, എസ് പി വി കൾക്കും കരാറുകാർക്കും പരിശീലനങ്ങൾ, കൂടാതെ SPV-കൾക്കുള്ള ഉപദേശക സേവനങ്ങൾ |

| | | | |
|---|---|---|---|
| | | | തുടങ്ങിയ സംവിധാനങ്ങൾ ഗുണ നിലവാരം ഉറപ്പുവരുത്തി സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിന് സഹായകമാകുന്നു. നിർമ്മാണ പ്രവർത്തികൾ വിലയിരുത്താൻ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗവും, പരിശോധനാ വിഭാഗവും നിരന്തരമായി എസ് പി വി യിലെ ഉദ്യോഗസ്ഥരുമായി മീറ്റിംഗുകൾ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. സാങ്കേതിക കാര്യങ്ങളിലെ തടസ്സം ഒഴിവാക്കാൻ കിഫ്ബിയ്ക്ക് കീഴിലുള്ള ടെക്നിക്കൽ റിസോർസ് സെന്റർ ( TRC) മുഖേന വേണ്ട സഹായങ്ങൾ എസ് പി വി കൾക്ക് ലഭ്യമാക്കുന്നുമുണ്ട്. കിഫ്ബി യുടെ ഇൻസ്പെക്ഷൻ വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഫീൽഡ് ഒബ്സെർവഷൻ ഷീറ്റുകളും, ടെക്നിക്കൽ ഒബ്സർവേഷൻ നോട്ടുകളും ഒബ്സെർവേഷൻ മെമ്മോകളും, ഇൻസ്പെക്ഷൻ റിപ്പോർട്ടുകളും നൽകുന്നുണ്ട്. ഇൻസ്പെക്ഷൻ വിഭാഗം നൽകുന്ന എല്ലാ നിർദേശങ്ങളും പൂർത്തിയാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷം മാത്രമേ ഇവ പിൻവലിക്കാറുള്ളൂ. |
| (ബി) | പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന നിരവധി കെട്ടിടങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികളുടെ പരിശോധന കർശനമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഗുണനിലവാരം പാലിച്ച് പദ്ധതികൾ പുരോഗമിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുന്നുണ്ട്. കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനകൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ എല്ലാം പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമേ അതത് ഭരണ വകുപ്പുകൾക്ക് കൈമാറാൻ പാടുകയുള്ളൂ എന്ന് എസ്.പി.വി.കൾക്ക് കിഫ്ബി നിർദേശം നൽകിയിട്ടുണ്ട്. നിലവിൽ അപര്യാപ്തതകൾ കണ്ടെത്തിയ പദ്ധതികളിൽ കർശനമായ ഗുണനിലവാര പരിശോധന നടത്തുന്നതിനും കിഫ്ബിയുടെ നിർദ്ദേശങ്ങൾ പദ്ധതി നിവഹണ ഏജൻസികൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനുമായി ജില്ലാതലത്തിൽ റസിഡന്റ് എഞ്ചിനീയർമാരുടെ സേവനം കിഫ്ബി പ്രയോജനപ്പെടുത്തിവരുന്നു. കൂടാതെ സാങ്കേതിക കാര്യങ്ങളിലെ തടസ്സം ഒഴിവാക്കാൻ കിഫ്ബിയ്ക്ക് കീഴിലുള്ള ടെക്നിക്കൽ റിസോർസ് സെന്റർ (TRC) മുഖേന വേണ്ട സഹായങ്ങൾ എസ് പി വി കൾക്ക് ലഭ്യമാക്കുന്നുമുണ്ട്. |
| (സി) | തൃശ്ശൂർ ചെമ്പൂച്ചിറയിൽ സ്കൂൾ കെട്ടിടത്തിന്റെ രണ്ടാം നില ബലക്ഷയത്തെ തുടർന്ന് പൂർണ്ണമായി | (സി) | തൃശ്ശൂർ ചെമ്പൂച്ചിറ സ്കൂൾ പ്രോജക്റ്റിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തി |

| | | | |
|---|---|---|---|
| | പൊളിച്ച് നീക്കേണ്ടിവന്നത് കിഫ്ബി പരിശോധന വിഭാഗത്തിന് പറ്റിയ വീഴ്ച മൂലമാണോയെന്ന് വ്യക്തമാക്കാമോ; | | പോരായ്മകൾ നേരത്തെ തന്നെ ചൂണ്ടി കാണിച്ചിട്ടുള്ളതാണ്. അവ പരിഹരിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനം നടത്തേണ്ട ചുമതല ഭരണവകുപ്പ് നിയമിച്ചിട്ടുള്ള എസ്.പി.വി.യ്ക്കാണ്. ഇക്കാര്യത്തിൽ കിഫ്ബിക്ക് വീഴ്ച സംഭവിച്ചിട്ടില്ല. |
| (ഡി) | ഇത്തരത്തിൽ ക്രമക്കേട് നടത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടത് അതാത് എസ്.പി.വി. കളുടെയും ഭരണ വകുപ്പിന്റെയും ചുമതലയാണ്. എന്നിരുന്നാലും കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിൽ കരാറുകാരുടെ ജോലിയിലുള്ള നൈപുണ്യക്കുറവും ക്രമക്കേടുകളും കണ്ടെത്തുന്നത് സമയാസമയങ്ങളിൽ അതാത് എസ്.പി.വി.കളെ അറിയിക്കുന്നുണ്ട്. ഇത്തരം കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് അവലോകനം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

തൃശ്ശൂർ ചെമ്പൂച്ചിറ ജിഎച്ച് എസ് എസ് കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് ഗുണനിലവാരത്തെക്കുറിച്ച് പരാതികൾ ഉയർന്നതിന് പിന്നാലെ കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ 29/11/2020 ന് പരിശോധന നടത്തി. ഇതിനു പുറമെ 30/11/2020 ന് കിഫ്ബിയുടെ ക്വാളിറ്റി വിഭാഗവും പരിശോധന നടത്തി. പ്രാഥമിക അന്വേഷണത്തിൽ തന്നെ പ്ലാസ്റ്ററിംഗ് ഗുണനിലവാര പ്രശ്നങ്ങളോടൊപ്പം മറ്റു തകരാറുകളും ശ്രദ്ധയിൽ പെട്ടിരുന്നു. പ്രാഥമിക അന്വേഷണ റിപ്പോർട്ട് 07/11/2020-ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റിനും ഭരണ വകുപ്പ് സെക്രട്ടറിക്കും നൽകി. നിർമ്മാണത്തിൽ അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് നിർമ്മാണം നിർത്തിവയ്ക്കാൻ കിഫ്ബി, എസ്.പി.വി യായ കൈറ്റിനോട് 24/12/2020 ന് നിർദേശിച്ചിരുന്നു.

09/02/2021 ന് അന്തിമ അന്വേഷണ റിപ്പോർട്ട് നൽകി, അതിൽ ഗുണനിലവാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സഹിതം എസ്.പി.വി.യോട് വിശദമായ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടു. അന്തിമ അന്വേഷണ റിപ്പോർട്ടിനുള്ള മറുപടി ഇനിയും ലഭിച്ചിട്ടില്ല. 11/02/2021 ന് സസ്പെൻഷൻ നോട്ടീസിന്റെ മറുപടിയായി സമർപ്പിച്ച തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി 23.02.2021 ന് സസ്പെൻഷൻ പിൻവലിച്ചു. പ്ലാസ്റ്ററിംഗിലെ വൈകല്യങ്ങൾ ഘടനാപരമല്ലെന്നും കെട്ടിടം അനുയോജ്യമാണെന്ന് അനുമാനിക്കാമെന്നും തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നു. MAPEA/FOSROC/SIKA അല്ലെങ്കിൽ സമാനമായ ക്ലാസ് അംഗീകരിച്ച ഏജൻസികൾ മുഖേന മേൽക്കൂര സ്ലാബ് അറ്റകുറ്റപ്പണികൾ നടത്താൻ ശുപാർശയും ചെയ്തിരുന്നു. പിന്നീട് തകരാറുകൾ പരിഹരിക്കുന്നതിനായുള്ള വർക്കുകൾ വിലയിരുത്തുന്നതിനായി 26.06.2021 ൽ കിഫ്ബിയുടെ ടെക്നിക്കിൽ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിരുന്നു. അന്വേഷണ റിപ്പോർട്ടിൽ പ്രതിപാതിച്ചിരുന്ന പ്രധാന നിരീക്ഷണങ്ങൾക്കും മുൻ നിരീക്ഷണങ്ങൾക്കും മറുപടി ലഭിക്കാത്തതിനാൽ, 08/08/2021 ന് ഒബ്സെർവഷൻ മെമ്മോ നൽകി. ഇതിൽ വിള്ളലുകൾ കണ്ടെത്തിയ സ്ഥലങ്ങളിലും എസ്.പി.വി അറ്റകുറ്റപ്പണി നടത്തിയ മേൽക്കൂരയുടെ സ്ലാബിന്റെ ബലം സ്ഥിരീകരിക്കാനും പരിശോധന

നടത്താനും ശുപാർശ ചെയ്തിരുന്നു. എസ്.പി.വി.യുടെ ഭാഗത്തുനിന്നും തൃപ്തികരമായ മറുപടിയൊന്നും ലഭിച്ചില്ല.

നിലവിലുള്ള കെട്ടിടത്തിന്റെ മുകളിലേക്ക് വിപുലീകരണത്തിന് കിഫ്ബിയിൽ നിന്ന് മുൻകൂർ അനുമതി എസ്.പി.വിയ്ക്ക് നല്കിയിട്ടില്ല. അധിക ജോലികൾക്കായി എസ്.പി.വി 08/08/2020 ന് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് വ്യക്തതകൾക്കായി 07/04/2021-ന് തിരികെ നൽകി. എസ്.പി.വി. ഫയൽ തിരികെ സമർപ്പിച്ചിട്ടില്ല.

സ്കൂൾ അധികൃതരുടെ ആശങ്കകൾ കണക്കിലെടുത്ത്, തൃശ്ശൂർ ഗവർമെന്റ് എഞ്ചിനീയറിംഗ് കോളേജുമായി ഇക്കാര്യം കൂടിയാലോചിച്ച്, സ്ഥലത്ത് പൊളിക്കൽ ജോലികൾ ആരംഭിച്ചു എന്ന് എസ്.പി.വി 25/03/2022 ന് കിഫ്ബിയെ അറിയിച്ചു. 19/03/2022 ന് പൊളിക്കൽ ജോലികൾ തുടങ്ങിയിരുന്നു എന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നിന്നുള്ള ശുപാർശ/റിപ്പോർട്ട് അല്ലെങ്കിൽ പൊളിക്കാനുള്ള തീരുമാനത്തിലേക്ക് നയിച്ച കത്തിൽ സൂചിപ്പിച്ചിരിക്കുന്ന വിവിധ മീറ്റിംഗുകളുടെ മിനിറ്റ്സ് എന്നിവ ഒന്നും തന്നെ കിഫ്ബിയെ അറിയിച്ചിട്ടില്ല. അന്വേഷണം പുരോഗമിക്കുന്ന പ്രവൃത്തികൾ പൊളിച്ചുനീക്കുന്നതിലൂടെ തെളിവുകൾ മറച്ചുവെക്കാനുള്ള ബോധപൂർവമായ ശ്രമമാണ് എസ് പി വി യിൽ നിന്നും ഉണ്ടായത്. കിഫ്ബി അനുശാസിക്കുന്ന നടപടിക്രമങ്ങൾ ലംഘിച്ച് അന്വേഷണം തടസ്സപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയുള്ള പൊളിക്കലിലേക്ക് നയിച്ച വിവിധ വശങ്ങൾ അന്വേഷിക്കണം എന്നാവശ്യപ്പെട്ട് 30/03/2022 ന് കിഫ്ബിയിൽ നിന്നും ഭരണ വകുപ്പിന് ഒരു റിപ്പോർട്ട് സമപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ